# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1820

## 04.05.2017 - ലെ മറുപടിയ്ക്ക്

## ട്രഷറികളിലെ സ്ഥിരനിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്** |
| സംസ്ഥാനത്തെ ട്രഷറികളിൽ എത്ര തുക സ്ഥിരനിക്ഷേപമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ പുതിയതായി ആവിഷ്കരിച്ചിട്ടുണ്ടോ ? | സംസ്ഥാനത്തെ ട്രഷറികളിൽ 28.4.2017 വരെ 5425.46 കോടി രൂപയാണ് സ്ഥിരനിക്ഷേപമായുള്ളത്.<br>നിലവിലെ കോർ ബാങ്കിംഗ് സമ്പ്രദായത്തിൽ സ്ഥിരനിക്ഷേപങ്ങളുടെ പലിശ ട്രഷറി സേവിംഗ്സ് അക്കൗണ്ട് വഴിയാണ് നൽകുന്നത്. അതിനാൽ, സ്ഥിര നിക്ഷേപ പലിശയ്ക്ക് വീണ്ടും സേവിംഗ്സ് ബാങ്ക് നിരക്കിലെ പലിശ എന്ന പ്രയോജനം ഇപ്പോൾ എല്ലാ നിക്ഷേപകർക്കും ലഭിക്കുന്നുണ്ട്. അതിലുപരി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് വാർഷിക പലിശ നൽകി വന്നത് പ്രതിമാസം നൽകുന്നതിനും അനുമതി നൽകിക്കഴിഞ്ഞു. ഇതും സ്ഥിര നിക്ഷേപകരെ ആകർഷിക്കാൻ സഹായകരമാകുന്നതാണ്. കൂടാതെ, മറ്റ് പല ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനെക്കാൾ ഉയർന്ന നിരക്കിലെ പലിശയാണ് ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**